# പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ജനുവരി 20, ബുധൻ

**നമ്പർ 230**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമായ കിഫ്ബി 2018-19 സാമ്പത്തിക വർഷത്തിൽ മസാലബോണ്ടുകൾ വിറ്റഴിച്ചതുൾപ്പെടെയുള്ള കടമെടുപ്പ് ഓഫ് ബജറ്റ് കടമെടുപ്പാണെന്നും ഭരണഘടനാലംഘനമാണെന്നുമുള്ള കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ നിരീക്ഷണം ഉണ്ടാക്കിയിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. വി. ഡി. സതീശനും മറ്റ് മൂന്ന് അംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. പ്രമേയം ചർച്ചയ്ക്കെടുക്കാൻ ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് സന്നദ്ധത അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് ചർച്ച ചെയ്യാവുന്നതാണെന്ന് സ്പീക്കർ സഭയെ അറിയിച്ചു

ശ്രദ്ധ ക്ഷണിക്കൽ :

(1) വിവിധ കേന്ദ്രാന്വേഷണ ഏജൻസികൾ അന്വേഷണത്തിന്റെ പേരിൽ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരെ മാനസികമായി പീഡിപ്പിക്കുന്ന സംഭവങ്ങളിലേയ്ക്ക് ശ്രീ. വി. ജോയി മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) അരൂർ നിയോജകമണ്ഡലത്തിലെ പ്രത്യേകിച്ച് തീരപ്രദേശങ്ങളിലെ കടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീമതി ഷാനിമോൾ ഉസ്മാൻ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 230/2021(i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. സി. കൃഷ്ണൻ | പുളിങ്ങോത്ത് നിന്നും കർണാടക അതിർത്തിയിലെ ഭാഗമണ്ഡലത്തേയ്ക്കുള്ള വനപാതപദ്ധതി | മുഖ്യമന്ത്രി |
| 2 | ശ്രീ. രമേശ് ചെന്നിത്തല | ശിവഗിരി മഠത്തിലെ നമുക്ക് ജാതിയില്ല ശതാബ്ദി മ്യൂസിയത്തിന്റെയും തീർത്ഥാടന ഓഡിറ്റോറിയത്തിന്റെയും നിർമ്മാണം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 3 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | റിമാൻഡ് പ്രതി ഷഫീക്കിന്റെ മരണം | മുഖ്യമന്ത്രി |
| 4 | ശ്രീ. പി. സി. ജോർജ് | പുഞ്ചവയൽ, ദേവിയാർ, പെരിഞ്ചാൻകുട്ടി എന്നിവിടങ്ങളിലെ ആദിവാസി ഭൂമി പ്രശ്നങ്ങൾ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറം ജില്ലാ ആസ്ഥാനം കേന്ദ്രമാക്കി താലൂക്ക് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീമതി പി. അയിഷാ പോറ്റി | ട്രാൻസ്ജെൻഡറുകളുടെ പ്രശ്നങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 7 | ശ്രീ. സി. ദിവാകരൻ | എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്കുള്ള ബി.പി.എൽ. സ്കോളർഷിപ്പ് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. എം. ഉമ്മർ | മഞ്ചേരി മെഡിക്കൽ കോളേജ് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ആരോഗ്യസർവ്വകലാശാലയുടെ ഗവേർണിംഗ് ബോഡി | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂർ മണ്ഡലത്തിലെ എൽ.എസ്.ജി.ഡി. പ്രവൃത്തികൾ | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 11 | ശ്രീ. കെ. സി. ജോസഫ് | ചൂലന്നൂർ, പീച്ചി - വാഴാനി വന്യമൃഗസങ്കേതങ്ങൾക്ക് ചുറ്റുമുള്ള പാരിസ്ഥിതിക സംവേദനമേഖല | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 12 | ശ്രീ. ഒ. ആർ. കേളു | മാനന്തവാടി മാതൃകാ ഡിഗ്രി കോളേജിന്റെ പ്രവർത്തനം. | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും, വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

230/2/(ന)

മേശപ്പുറത്തു വച്ച കടലാസുകൾ :

ചട്ടം 47(2) പ്രകാരം കാലതാമസപത്രിക സഹിതം താഴെപ്പറയുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ:

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|
| 14 | 2 | 4 |
| | 5 | 5758 |
| | 12 | 3594 |
| | 15 | 210 |
| | 16 | 2146 |
| | 18 | 65, 1401 |
| | 19 | 11, 20, 182, 1646 |

റിപ്പോർട്ടുകളുടെ സമർപ്പണം :

(1) പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആറാം സബ്ജക്റ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ പ്രൊഫ. സി. രവീന്ദ്രനാഥ് 2021-ലെ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിനെ സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചു

(2) വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയും പത്താം സബ്ജക്റ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. കെ. രാജു കേരളത്തിലെ കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യനിർമ്മാർജനം സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചു

(3) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. എസ്. ശർമ്മ കമ്മിറ്റിയുടെ ഇരുപത്തിയഞ്ച് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു

(4) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. ബി. സത്യൻ കമ്മിറ്റിയുടെ എട്ടാമത്തും ഒൻപതാമത്തും റിപ്പോർട്ടുകൾ സമർപ്പിച്ചു

(5) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. എ. പ്രദീപ്കുമാർ കമ്മിറ്റിയുടെ ആറാമത്തും ഏഴാമത്തും റിപ്പോർട്ടുകൾ സമർപ്പിച്ചു

(6) ഹർജികൾ സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. കെ. ബി. ഗണേഷ് കുമാർ കമ്മിറ്റിയുടെ നാല് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു

(7) സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷയായ ശ്രീമതി പി. അയിഷാ പോറ്റി കമ്മിറ്റിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിച്ചു

<u>2021-22 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ചുള്ള പൊതു ചർച്ച (തുടർച്ച) :</u>

ശ്രീ. സി. കെ. ശശീന്ദ്രൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. എസ്. രാജേന്ദ്രൻ.

<u>അടിയന്തര പ്രമേയത്തിന്മേലുള്ള ചർച്ച :</u>

ശ്രീ. വി. ഡി. സതീശൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

"സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു"

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ജെയിംസ് മാത്യു

ശ്രീ. എം. ഉമ്മർ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. സി. കെ. നാണു

ശ്രീ. എം. സ്വരാജ്

ശ്രീ. വി. ടി. ബൽറാം.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മറുപടി നൽകി.

(മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.)

പ്രമേയം സഭ തള്ളി.

<u>2021-22 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ചുള്ള പൊതു ചർച്ച തുടർന്നു:</u>

ശ്രീമതി യു. പ്രതിഭ

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. ആന്റണി ജോൺ

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. മോൻസ് ജോസഫ്

ഡോ. എൻ. ജയരാജ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. അബ്ദുൽ ഹമീദ് .പി.

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. കെ. സി. ജോസഫ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മറുപടി പറഞ്ഞു.

ചട്ടം സസ്പെൻഡ് ചെയ്യുന്നതിനുള്ള പ്രമേയം :

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ അംഗീകരിച്ചു.

“നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം ബജറ്റിന്റെ പൊതുചർച്ചയുടെ അവസാനം ധനാഭ്യർത്ഥനകൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കും റിപ്പോർട്ടിനും വേണ്ടി അയയ്ക്കപ്പെടുമെന്നും ചട്ടം 236-ന്റെ (2) -ാം ഉപചട്ടപ്രകാരം പൊതുചർച്ച അവസാനിച്ച തീയതി മുതൽ നാല് ആഴ്ചയിൽ കവിയാത്ത കാലാവധിക്കുള്ളിൽ സബ്ജക്ട് കമ്മിറ്റികൾ എല്ലാ ധനാഭ്യർത്ഥനകളുടെയും സൂക്ഷ്മപരിശോധന പൂർത്തിയാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണഘടന വ്യവസ്ഥ അനുസരിച്ച് കാലാവധി പൂർത്തിയാക്കി പിരിഞ്ഞുപോകുന്ന സഭ, വരുംവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ പ്രായോഗികതയ്ക്കുവേണ്ടി 236-ാം ചട്ടത്തിന്റെ (2) -ാം ഉപചട്ടം അടുത്ത നിയമസഭയിൽ രൂപീകരിക്കുന്ന സബ്ജക്ട് കമ്മിറ്റികൾ ധനാഭ്യർത്ഥനകളുടെ പരിശോധന പൂർത്തിയാക്കുന്നതുവരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു.”

2021 ജനുവരി 21-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 4.39-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

## Twenty Second Session

# BULLETIN – PART I

( Brief Record of Proceedings )

*Wednesday, January 20, 2021.*

**No. 230**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

The Speaker informed the House that Shri V. D. Satheesan and three other Members had given a notice for moving an adjournment motion regarding the serious situation reported to have arisen consequent on the observation of the Comptroller and Auditor General that the borrowings of KIIFB including raising of funds through 'Masala Bonds' in the Financial Year 2018-19 were off-budget borrowings and had breached Constitutional provisions. As the Minister for Finance and Coir expressed his willingness to discuss the motion, the Speaker granted permission to moving of the adjournment motion and announced that the motion would be taken up at 12.00 noon.

*Calling Attention:*

(1) Shri V. Joy called the attention of the Chief Minister to the incidents of mental harassment of State government officials by various central investigation agencies under the label of investigation. The Chief Minister made a statement thereto.

(2) Smt. Shanimol Osman called the attention of the Minister for Water Resources to the necessity to resolve the drinking water scarcity issue in Aroor constituency, especially among coastal areas. The Minister made a statement thereto.

KNPP.230/2021(ii)

*The Matters under Rule 304 :*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. സി. കൃഷ്ണൻ | പുളിങ്ങോത്ത് നിന്നും കർണാടക അതിർത്തിയിലെ ഭാഗമണ്ഡലത്തേയ്ക്കുള്ള വനപാതപദ്ധതി | മുഖ്യമന്ത്രി |
| 2 | ശ്രീ. രമേശ് ചെന്നിത്തല | ശിവഗിരി മഠത്തിലെ നമുക്ക് ജാതിയില്ല ശതാബ്ദി മ്യൂസിയത്തിന്റെയും തീർത്ഥാടന ഓഡിറ്റോറിയത്തിന്റെയും നിർമ്മാണം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 3 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | റിമാൻഡ് പ്രതി ഷഫീക്കിന്റെ മരണം | മുഖ്യമന്ത്രി |
| 4 | ശ്രീ. പി. സി. ജോർജ് | പുഞ്ചവയൽ, ദേവിയാർ, പെരിഞ്ചാൻകുട്ടി എന്നിവിടങ്ങളിലെ ആദിവാസി ഭൂമി പ്രശ്നങ്ങൾ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറം ജില്ലാ ആസ്ഥാനം കേന്ദ്രമാക്കി താലൂക്ക് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീമതി പി.അയിഷാ പോറ്റി | ട്രാൻസ്ജൻഡറുകളുടെ പ്രശ്നങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 7 | ശ്രീ. സി. ദിവാകരൻ | എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്കുള്ള ബി.പി.എൽ. സ്കോളർഷിപ്പ് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. എം. ഉമ്മർ | മഞ്ചേരി മെഡിക്കൽ കോളേജ് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ആരോഗ്യസർവ്വകലാശാലയുടെ ഗവേർണിംഗ് ബോഡി | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂർ മണ്ഡലത്തിലെ എൽ.എസ്.ജി.ഡി. പ്രവൃത്തികൾ | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 11 | ശ്രീ. കെ. സി. ജോസഫ് | ചൂലന്നൂർ, പീച്ചി - വാഴാനി വന്യമൃഗസങ്കേതങ്ങൾക്ക് ചുറ്റുമുള്ള പാരിസ്ഥിതിക സംവേദനമേഖല | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 12 | ശ്രീ. ഒ. ആർ. കേളു | മാനന്തവാടി മാതൃകാ ഡിഗ്രി കോളേജിന്റെ പ്രവർത്തനം | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും, വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*230/21(ii)*

*Papers laid on the table :*

Answer to the Questions below alongwith delay statements as per rule 47(2):

| Assembly | Session | Unstarred Question No. |
|---|---|---|
| 14 | 2 | 4 |
| | 5 | 5758 |
| | 12 | 3594 |
| | 15 | 210 |
| | 16 | 2146 |
| | 18 | 65, 1401 |
| | 19 | 11, 20, 182, 1646 |

*Presentation of Reports :*

(1) Prof. C. Raveendranath, Minister for General Education and Chairman, Subject Committee - VI presented the Report of the Committee on the Sree Narayanaguru Open University Bill, 2021.

(2) Shri K Raju, Minister for Forest, Animal Husbandry and Zoos and Chairman, Subject Committee – X presented the Report of the Committee on disposal of waste in the lakeshore tourist places in Kerala.

(3) Shri S. Sarma, Chairman, Committee on Estimates presented the Twenty Fifth to Thirty Second Reports of the Committee.

(4) Shri B. Satyan, Chairman, Committee on the Welfare of Scheduled Castes and Scheduled Tribes presented the Eighth and Ninth Reports of the Committee.

(5) Shri A. Pradeepkumar, Chairman, Committee of Privileges and Ethics presented the Sixth and Seventh Reports of the Committee.

(6) Shri K. B. Ganesh Kumar, Chairman, Committee on Petitions presented the Fourth to Sixth Reports of the Committee.

(7) Smt. P. Aisha Potty, Chairperson, Committee on the Welfare of Women, Transgenders, Children and Differently Abled presented the Twentieth Report of the Committee.

*General discussion on the Budget for the Financial Year 2021-22 (continuation)*

The following Members took part in the discussion

Shri C. K. Saseendran

Shri Thiruvanchoor Radhakrishnan

Shri Chittayam Gopakumar

Shri P. K. Abdu Rabb

Shri S. Rajendran.

*Discussion on Adjournment motion :*

Shri V. D. Satheesan moved the following motion and spoke:

"The House do now adjourn "

The following Members took part in the discussion.

Shri James Mathew

Shri M.Ummer

Shri Mullakkara Retnakaran

Shri Mons Joseph

Shri C. K. Nanu

Shri M. Swaraj

Shri V. T. Balram

DR. T. M. Thomas Isaac, Minister for Finance and Coir replied to the points raised during discussion.

(In protest against the reply of the Minister the Opposition Members staged a walkout.)

The motion moved was declared lost.

*General discussion on the Budget for the Financial Year 2021-22 (continuation):*

Smt U. Prathibha

Shri. K. S. Sabarinadhan

Shri Antony John

Shri O. Rajagopal

Shri Anoop Jacob

Shri Mons Joseph

DR N. Jayaraj

Shri E. K. Vijayan

Shri Abdul Hameed. P.

Shri A. N. Shamseer

Shri K. C. Joseph

DR T. M. Thomas Isaac, Minister for Finance and Coir replied to the points raised during discussion.

***Motion for suspension of Rule:***

The following motion moved by Shri Kadakampally Surendran, Minister for Co-operation Tourism and Devaswoms was adopted by the House:

"നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം ബജറ്റിന്റെ പൊതുചർച്ചയുടെ അവസാനം ധനാഭ്യർത്ഥനകൾ ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കും റിപ്പോർട്ടിനും വേണ്ടി അയയ്ക്കപ്പെടുമെന്നും ചട്ടം 236-ന്റെ (2)-ാം ഉപചട്ടപ്രകാരം പൊതുചർച്ച അവസാനിച്ച തീയതി മുതൽ നാല് ആഴ്ചയിൽ കവിയാത്ത കാലാവധിക്കുള്ളിൽ സബ്ജക്റ്റ് കമ്മിറ്റികൾ എല്ലാ ധനാഭ്യർത്ഥനകളുടെയും സൂക്ഷ്മപരിശോധന പൂർത്തിയാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണഘടന വ്യവസ്ഥ അനുസരിച്ച് കാലാവധി പൂർത്തിയാക്കി പിരിഞ്ഞുപോകുന്ന സഭ, വരുംവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ പ്രായോഗികതയ്ക്കുവേണ്ടി 236-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടം അടുത്ത നിയമസഭയിൽ രൂപീകരിക്കുന്ന സബ്ജക്റ്റ് കമ്മിറ്റികൾ ധനാഭ്യർത്ഥനകളുടെ പരിശോധന പൂർത്തിയാക്കുന്നതുവരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു."

The House adjourned at 4.39 p.m. to meet again at 9.00 a.m. on Thursday January 21, 2021.

S. V .UNNIKRISHNAN NAIR,
*Secretary.*